"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ ചീഫ് ഓഫീസിലും 14 ജില്ല ഓഫീസുകളിലുമായി ജോലി ചെയ്തു വരുന്ന എൽ. ഡി. ക്ലാർക്ക്, പ്യൂൺ/ ഓഫീസ് അറ്റൻഡന്റ്, പ്യൂൺ കം പ്രൊസസ് സെർവർ, പാർട്ട് ടൈം സ്വീപ്പർമാർ എന്നിവർക്ക് ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്**

സ.ഉ.(കൈ) നം.30/2022/LBR തീയതി,തിരുവനന്തപുരം, 28-06-2022

പരാമർശം:-

1 10/02/2021-ലെ സ.ഉ (പി) നം. 27/2021/ധന നമ്പർ ഉത്തരവ്

2 കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ 02.06.2021-ലെ 232-ാമത് യോഗ തീരുമാനം അജണ്ട നമ്പർ 1138/2021.

3 കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് സെക്രട്ടറിയുടെ 29.06.2021-ലെ ഇ1-15180/11 നം കത്ത്.

**ഉത്തരവ്**

കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ ചീഫ് ഓഫീസിലും 14 ജില്ലാ ഓഫീസുകളിലുമായി സേവനമനുഷ്ഠിക്കുന്ന സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായിട്ടുള്ള 4 എൽ.ഡി.ക്ലാർക്ക്, 4 പ്യൂൺ/ആഫീസ് അറ്റൻഡന്റ്, 2 പ്യൂൺ-കം പ്രോസസ്സ് സെർവർ എന്നിവർക്കും, ബോർഡിലെ സർക്കാർ അംഗീകൃത തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് തുടർന്ന് വരുന്ന 8 പാർട്ട് ടൈം സ്വീപ്പർമാർക്കും, പരാമർശം (1) ഉത്തരവ് പ്രകാരമുള്ള പതിനൊന്നാം ശമ്പള പരിഷ്ക്കരണം അനുവദിക്കണമെന്ന് പരാമർശം (2) ബോർഡ് യോഗത്തിന്റെ അംഗീകാരത്തോടുകൂടി പരാമർശം (3) ലെ കത്ത് പ്രകാരം ബോർഡ് സെക്രട്ടറി ശുപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിലെ ജീവനക്കാരുടെ സർക്കാർ അംഗീകാരമുള്ള താഴെ പറയുന്ന തസ്തികകളുടെ ശമ്പളം, അലവൻസുകൾ എന്നിവ പരാമർശം (1)-ലെ ഉത്തരവിന്റെ അനക്സർ 1 പ്രകാരം ചുവടെ സൂചിപ്പിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | നിലവിലെ ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | എൽ.ഡി. ക്ലാർക്ക് | 4 | 18,000-41,200 | 25,100-57,900 |
| 2 | പ്യൂൺ/ ഓഫീസ് അറ്റൻഡന്റ് | 4 | 16,500-35,700 | 23,000-50,200 |
| 3 | പ്യൂൺ കം പ്രോസസ്സ് സെർവർ | 2 | 16,500-35,700 | 23,000-50,200 |
| 4 | പാർട്ട് ടൈം സ്വീപ്പർ | 8 | 8,200 -13,340 | 11,500 -18,940 |

i. മേൽ ശമ്പള പരിഷ്ക്കരണം 01/07/2019 മുതലും പരിഷ്ക്കരിച്ച മറ്റു അലവൻസുകൾ 01/03/2021 മുതലും പ്രാബല്യത്തിൽ വരുന്നതാണ്.

ii. ശമ്പള നിർണ്ണയം സംബന്ധിച്ച് 10/02/2021 ലെ സ.ഉ (പി) നം. 27/2021/ധന നമ്പർ ഉത്തരവിന്റെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

iii. ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ 10/02/2021-ലെ സ.ഉ (പി) നം. 27/2021/ധന നമ്പർ ശമ്പള പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ചുവടെ പറയുന്ന വ്യവസ്ഥകൾ അപാകതകൾ കൂടാതെ പാലിക്കേണ്ടതാണ്.

| | |
|---|---|
| പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളനിർണ്ണയം | ഖണ്ഡിക 32 |
| അലവൻസുകൾ | |
| DA | ഖണ്ഡിക 11 |
| HRA | ഖണ്ഡിക 12 |
| TA | ഖണ്ഡിക 27 |

iv. മേൽ സൂചിപ്പിച്ചതൊഴികെയുള്ള ഒരാനുകൂല്യവും ബോർഡ് ജീവനക്കാർക്ക് അനുവദനീയമല്ല.

v. 10/02/2021-ലെ സ.ഉ.(പി) നം.27/2021/ധന നമ്പർ ഉത്തരവിനെ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ ബോർഡ് ജീവനക്കാർക്ക് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ അനുവദിക്കാൻ പാടുള്ളൂ.

vi. ശമ്പള നിർണ്ണയം, അനോമലി മുതലായവയിലുള്ള സംശയങ്ങളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിന് ധനകാര്യ വകുപ്പിന്റെ അനുവാദം വാങ്ങേണ്ടതാണ്. ശമ്പള സ്കെയിൽ ഉയർത്തൽ (stepping up of pay) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഒരു കാരണവശാലും അനുവദിക്കാൻ പാടുള്ളതല്ല.

vii. ഇ. പി. എഫ്. ലേയ്ക്കുള്ള തൊഴിൽ ദാതാവിന്റെ പരമാവധി വിഹിതം 15000/- (അടിസ്ഥാന ശമ്പളം + ഡി .എ.) രൂപയുടെ 12 % എന്ന നിരക്കിലാണ് കണക്കാക്കേണ്ടത്.

viii. സർക്കാരിന്റെ അനുമതി കൂടാതെ സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ ഒരു തരത്തിലുള്ള നിയമനങ്ങളും (സ്ഥിരം/അന്യത്ര സേവനം/താൽക്കാലികം/ ദിവസവേതനം) നടത്തുവാൻ പാടുള്ളതല്ല.

ix. റേഷ്യോ പ്രൊമോഷൻ/അപ്ഗ്രഡേഷൻ/തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല.

x. ശമ്പള പരിഷ്കരണത്തിനുവേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത ബോർഡിന്റെ ഫണ്ടിൽ നിന്ന് നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

xi. കരാർ / ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കരാർ / ദിവസ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

xii. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല .

xiii. യാതൊരു സാഹചര്യത്തിലും സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പടെയുള്ള ഭരണ ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

xiv. ധനകാര്യ വകുപ്പിന്റെ അഭിപ്രായവും മന്ത്രിസഭായോഗ തീരുമാനപ്രകാരമുള്ള സർക്കാർ ഉത്തരവും കൂടാതെ തസ്തിക സൃഷ്ടിക്കുവാനോ തസ്തിക ഉയർത്തുവാനോ പാടുള്ളതല്ല.

xv. ഒരു വർഷത്തിൽ കൂടുതൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22/10/2001-ലെ സ.ഉ (പി) നം 1208/2001 ധന. പ്രകാരം നിർത്തലാക്കേണ്ടതാണ്.

xvi. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

xvii. മേൽപ്പറഞ്ഞ ചട്ടങ്ങളിൽ നിന്നും വ്യതിചലിച്ച് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്ന പക്ഷം ബോർഡ് സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

സെക്രട്ടറി, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്, തിരുവനന്തപുരം.
ലേബർ കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് ( 22.06.2022 ലെ ഇനം നം. 834 പ്രകാരം)
ധനകാര്യ വകുപ്പ് (1879199/LBR-1/266/2021-Fin തിയതി 07.05.2022 പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Ajithakumari R
Date: 28-06-2022 16:38:18
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-06-2022

ഫയൽ നം. ജെ1/129/2021/തൊഴിൽ. ഇനം നം: 834

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിലെ 4 ലോവർ ഡിവിഷൻ ക്ലാർക്ക്, 4 പ്യൂൺ/ഓഫീസ് അറ്റൻഡന്റ്, 2 പ്യൂൺ-കം-പ്രോസസ്സ് സെർവർ, 8 പാർട്ട് ടൈം സ്വീപ്പർ എന്നിവർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ജെ1/129/2021/തൊഴിൽ |
| 2. | വകുപ്പ് | തൊഴിലും നൈപുണ്യവും (ജെ) വകുപ്പ് |
| 3. | വിഷയം | കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിലെ 4 ലോവർ ഡിവിഷൻ ക്ലാർക്ക്, 4 പ്യൂൺ/ആഫീസ് അറ്റൻഡന്റ്, 2 പ്യൂൺ-കം പ്രോസസ്സ് സെർവർ, 8 പാർട്ട് ടൈം സ്വീപ്പർ എന്നിവർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 31/05/2022 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി. എൻ കെ ചന്ദ്ര |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി. മിനി ആന്റണി |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 09/06/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി പി ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 10/06/2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. വി ശിവൻകുട്ടി |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13/06/2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 16/06/2022 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | 22/06/2022 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | സ.ഉ.(കൈ) നം. 30/2022/LBR<br>28/06/2022 |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ ചീഫ് ഓഫീസിലും 14 ജില്ലാ ഓഫീസുകളിലുമായി സേവനമനുഷ്ഠിക്കുന്ന സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായിട്ടുള്ള 4 എൽ.ഡി.ക്ലാർക്ക്, 4 പ്യൂൺ/ആഫീസ് അറ്റൻഡന്റ്, 2 പ്യൂൺ-കം പ്രോസസ്സ് സെർവർ എന്നിവർക്കും, ബോർഡിലെ സർക്കാർ അംഗീകൃത തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് തുടർന്ന് വരുന്ന 8 പാർട്ട് ടൈം സ്വീപ്പർമാർക്കും, 10-02-2021 - ലെ GO(P) No.27/2021/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിലെ മേൽ പരാമർശിച്ച ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് 02.06.2021 ലെ 232 -മത് ബോർഡ് യോഗത്തിലെ 1138/2021 അജണ്ട നമ്പർ ആയി തീരുമാനം കൈക്കൊള്ളുകയും ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ശമ്പളം അനുവദിക്കണമെന്ന് ബോർഡ് സെക്രട്ടറി ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ വിഷയം സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി :

"കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ എന്നിവ 10/02/2021 ലെ സ.ഉ (പി) നം.27/2021/ധന നമ്പർ ഉത്തരവിന്റെ അനക്സർ 1 പ്രകാരം, താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പുതുക്കി നൽകുന്നതിന് അനുമതി നൽകാവുന്നതാണ് :

| ശമ്പളപരിഷ്കരണം അനുവദിക്കേണ്ട തസ്തിക | എണ്ണം | നിലവിലെ ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|
| എൽ.ഡി. ക്ലാർക്ക് | 4 | 18,000-41,200 | 25,100-57,900 |
| പ്യൂൺ/ ഓഫീസ് അറ്റൻഡന്റ് | 4 | 16,500-35,700 | 23,000-50,200 |
| പ്യൂൺ കം പ്രോസസ്സ് സെർവർ | 2 | 16,500-35,700 | 23,000-50,200 |
| പാർട്ട് ടൈം സ്വീപ്പർ | 8 | 8200 -13,340 | 11500 -18,940 |
| ആകെ | 18 | | |

നിബന്ധനകൾ :

i. മേൽ ശമ്പള പരിഷ്കരണം 01/07/2019 മുതലും പരിഷ്കരിച്ച മറ്റ് അലവൻസുകൾ 01/03/2021 മുതലും പ്രാബല്യത്തിൽ വരുന്നതാണ്.

ii. ശമ്പള നിർണ്ണയം സംബന്ധിച്ച് 10/02/2021 ലെ സ.ഉ (പി) നം. 27/2021/ ധന നമ്പർ ഉത്തരവിന്റെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

iii. ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ 10/02/2021 ലെ സ.ഉ (പി) നം. 27/2021/ ധന നമ്പർ ശമ്പള പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ചുവടെ പറയുന്ന വ്യവസ്ഥകൾ അപാകതകൾ കൂടാതെ പാലിക്കേണ്ടതാണ്.

| | |
|---|---|
| പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളനിർണ്ണയം | ഖണ്ഡിക 32 |
| **അലവൻസുകൾ** | |
| DA | ഖണ്ഡിക 11 |
| HRA | ഖണ്ഡിക 12 |
| TA | ഖണ്ഡിക 27 |

iv. മേൽ സൂചിപ്പിച്ചതൊഴികെയുള്ള ഒരാനുകൂല്യവും ബോർഡ് ജീവനക്കാർക്ക് അനുവദനീയമല്ല.

v. 10/02/2021 ലെ സ.ഉ.(പി) നം.27/2021/ധന നമ്പർ ഉത്തരവിനെ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ ബോർഡ് ജീവനക്കാർക്ക് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ അനുവദിക്കാൻ പാടുള്ളൂ.

vi. ശമ്പള നിർണ്ണയം, അനോമലി മുതലായവയിലുള്ള സംശയങ്ങളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിന് ധനകാര്യ വകുപ്പിന്റെ അനുവാദം വാങ്ങേണ്ടതാണ്. ശമ്പള സ്കെയിൽ ഉയർത്തൽ (stepping up of pay) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഒരു കാരണവശാലും അനുവദിക്കാൻ പാടുള്ളതല്ല.

vii. ഇ .പി .എഫ് ലേയ്ക്കുള്ള തൊഴിൽ ദാതാവിന്റെ പരമാവധി വിഹിതം 15000/- (അടിസ്ഥാന ശമ്പളം + ഡി .എ ) രൂപയുടെ 12 % എന്ന നിരക്കിലാണ് കണക്കാക്കേണ്ടത്.

viii. സർക്കാരിന്റെ അനുമതി കൂടാതെ സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ ഒരു തരത്തിലുള്ള നിയമനങ്ങളും (സ്ഥിരം/ അന്യത്ര സേവനം/ താൽക്കാലികം/ ദിവസവേതനം) നടത്തുവാൻ പാടുള്ളതല്ല.

ix. റേഷ്യോ പ്രൊമോഷൻ/അപ് ഗ്രഡേഷൻ/തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല.

x. ശമ്പള പരിഷ്കരണത്തിനുവേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത ബോർഡിന്റെ ഫണ്ടിൽ നിന്ന് നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

xi. കരാർ / ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കരാർ / ദിവസ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

xii. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല .

xiii. യാതൊരു സാഹചര്യത്തിലും സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റ് ശമ്പളം ഉൾപ്പടെയുള്ള ഭരണ ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

xiv. ധനകാര്യ വകുപ്പിന്റെ അഭിപ്രായവും ബഹു.മന്ത്രിസഭായോഗ തീരുമാനപ്രകാരമുള്ള സർക്കാർ ഉത്തരവ് കൂടാതെ തസ്തിക സൃഷ്ടിക്കുവാനോ തസ്തിക ഉയർത്തുവാനോ പാടുള്ളതല്ല.

xv. ഒരു വർഷത്തിൽ കൂടുതൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22/10/2001ലെ സ.ഉ (പി) നം 1208 പ്രകാരം നിർത്തലാക്കേണ്ടതാണ്.

xvi. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

xvii. മേൽപ്പറഞ്ഞ ചട്ടങ്ങളിൽ നിന്നും വ്യതിചലിച്ച് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്ന പക്ഷം ബോർഡ് സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയായിരിക്കും.

xviii. ശമ്പള പരിഷ്കരണ ശുപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രി സഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേയ്ക്ക് അയക്കേണ്ടതുമാണ്.

ഇതിന് ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് . "

4) മേൽ സാഹചര്യത്തിൻ, ധനകാര്യവകുപ്പിന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ, കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസത്തെ സേവനം പൂർത്തിയാക്കിയതിനെ തുടർന്ന് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ നിയനം നൽകിയ 4 എൽ.ഡി.ക്ലാർക്ക്, 4 പ്യൂൺ/ആഫീസ് അറ്റൻഡന്റ്, 2 പ്യൂൺ-കം പ്രോസസ്സ് സെർവർ എന്നിവർക്കും, ബോർഡിലെ സർക്കാർ അംഗീകൃത തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് തുടർന്ന് വരുന്ന 8 പാർട്ട് ടൈം സ്വീപ്പർമാർക്കും, ധനകാര്യ വകുപ്പ് നിർദ്ദേശിച്ച വ്യവസ്ഥകൾക്കനുസരിച്ച് ശമ്പള പരിഷ്കരണം അനുവദിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനമെടുക്കേണ്ട സംഗതി :**

കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ ചീഫ് ഓഫീസിലും 14 ജില്ലാ ഓഫീസുകളിലുമായി സേവനമനുഷ്ഠിക്കുന്ന സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായിട്ടുള്ള 4 എൽ.ഡി.ക്ലാർക്ക്, 4 പ്യൂൺ/ആഫീസ് അറ്റൻഡന്റ്, 2 പ്യൂൺ-കം പ്രോസസ്സ് സെർവർ എന്നിവർക്കും, ബോർഡിലെ സർക്കാർ അംഗീകൃത തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് തുടർന്ന് വരുന്ന 8 പാർട്ട് ടൈം സ്വീപ്പർമാർക്കും, 10-02-2021 - ലെ GO(P) No.27/2021/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ധനകാര്യ വകുപ്പ് നിർദ്ദേശിച്ച വ്യവസ്ഥകൾക്കനുസൃതമായി താഴെ പറയും വിധം പരിഷ്കരിച്ച് നൽകാമോ ?

| ക്രമ നമ്പർ | തസ്തികയുടെ പേര് | നിലവിലെ ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | എൽ.ഡി. ക്ലാർക്ക് | 18,000-41,200 | 25,100-57,900 |
| 2 | പ്യൂൺ/ ഓഫീസ് അറ്റൻഡന്റ് | 16,500-35,700 | 23,000-50,200 |
| 3 | പ്യൂൺ കം പ്രോസസ്സ് സെർവർ | 16,500-35,700 | 23,000-50,200 |
| 4 | പാർട്ട് ടൈം സ്വീപ്പർ | 8200 -13,340 | 11500 -18,940 |